# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1553 — 21.03.2012 ൽ മറുപടിയ്ക്ക്

### പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കടൽക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് കേന്ദ്രഗവൺമെന്റിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും (സി.ആർ.എഫ്) ധനസഹായം ലഭ്യമാക്കുന്നതിന് സംസ്ഥാനസർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (എ) & (ബി) സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് (കലാമിറ്റി റിലീഫ് ഫണ്ട്) വിനിയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡ പ്രകാരം കടൽക്ഷോഭം പ്രകൃതി ദുരന്തമായി അംഗീകരിച്ചിട്ടില്ല. കടൽക്ഷോഭവും ഇടിമിന്നലും കലാമിറ്റി റിലീഫ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള ഒരു മെമ്മോറാണ്ടം കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്. ഇവ മൂലമുണ്ടാകുന്ന ജീവഹാനി, ഭവനനാശം, വസ്തുവകകൾക്കുണ്ടാകുന്ന നഷ്ടം എന്നിവയ്ക്ക് സഹായ ധനം നൽകുന്നതിനായാണ് കടൽക്ഷോഭവും എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ പ്രസ്തുത മെമ്മോറാണ്ടത്തിൽ കൃഷിനാശം ഉൾപ്പെടുത്തിയിട്ടില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ